**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **27-06-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കിക്കൊണ്ട് ഇ-ഗവണേൺസിന്റെയും സാങ്കേതിക വിദ്യയുടെയും ഫലപ്രദമായ വിനിയോഗത്തിലൂടെ കൃഷി ഭവനുകളുടെ പ്രവർത്തനം നവീകരിച്ച് കർഷക സമൂഹത്തിന് മെച്ചപ്പെട്ട സേവനങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.<br><br>സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br><br>1. കൃഷി ഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br>2. വിള ആരോഗ്യ ക്ലിനിക്ക് സ്ഥാപിക്കലും, നിലവിൽ ഉള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ മെച്ചപ്പെടുത്തലും.<br>3. കൃഷി ഭവനുകളുടെ നവീകരണം.<br>4. കൃഷി ഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br>5. കൃഷി ഭവനുകളെ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുക.<br><br>സ്റ്റേറ്റ് പ്ലാനിൽ സ്മാർട്ട് കൃഷി ഭവൻ പദ്ധതി നടപ്പിലാക്കി വരുന്നു. 2022-23 സ്റ്റേറ്റ് പ്ലാനിൽ 28 കൃഷി ഭവനുകളെ ആണ് സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനു വേണ്ടി തെരഞ്ഞെടുത്തത്. 8 കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവൻ ആക്കിയിട്ടുണ്ട്. 16 കൃഷി ഭവനുകളിൽ പദ്ധതി പുരോഗമിച്ചു വരുന്നു. 2023-2024 സാമ്പത്തിക വർഷത്തിൽ 14 കൃഷി ഭവനുകളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ RIDF ട്രാഞ്ചെ XXVII പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 കൃഷി ഭവനുകളെ കൂടി സ്മാർട്ട് |

| | | | |
|---|---|---|---|
| | | | കൃഷി ഭവനുകളാക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ആയതു പ്രകാരം സംസ്ഥാനത്തെ 14 കൃഷി ഭവനുകളിൽ പദ്ധതി പുരോഗമിക്കുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | നടപ്പു സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ പ്രകാരം ഈ പദ്ധതിയ്ക്കായി 236.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. RIDF TRANCHE XXVII പദ്ധതിയിൽ 29.91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | തളിപ്പറമ്പ് മണ്ഡലത്തിലെ മുഴുവൻ കൃഷിഭവനുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഫണ്ട് ലഭ്യത അനുസരിച്ച് മാത്രമേ എല്ലാ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷിഭവനാക്കുന്ന വിഷയം പരിഗണിക്കാനാവൂ. എം.എൽ.എ ഫണ്ട് അടക്കമുള്ള മറ്റ് ഫണ്ടുകൾ കൂടി ലഭ്യമാകുന്ന പക്ഷം പദ്ധതിയുടെ ഗതിവേഗം കൂട്ടാനാവുമെന്നതിനാൽ അക്കാര്യം കൂടി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ